# ഈ എഴുത്ത്

# ആശംസ

**ലിറ്റിൽ കൈറ്റ്സിന്റെ** നേതൃത്വത്തിൽ നിർമ്മിക്കുന്ന ഡിജിറ്റൽ ഇ-മാഗസിന് എൻറെ എല്ലാ വിധ ആശംസകളും നേരുന്നു.

എന്ന് ജി.എച്ച്എസ്എസ്. മാതമംഗലം ഹെഡ്മിസ്ട്രസ് :രാജമ്മ

# ഈ എഴുത്ത്

## എന്റെ നാട്

==

ദേശവഴികളിലൂടെ ==

# ഭൂമിശാസ്ത്രപരം

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിൽ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന ഒരു പ്രദേശമാണ് മാതമംഗലം. കാസർഗോഡ് ലോകസഭാ മണ്ഡലത്തിലും, പയ്യന്നൂർ നിയോജക മണ്ഡലത്തിലും ഉൾപ്പെടുന്നു. കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിന്റെയും, പെരിങ്ങോം-വയക്കര പഞ്ചായത്തിന്റെയും ഇടയിലായി സ്ഥിതി ചെയ്യുന്നു. പേരൂൽ, കാനായി, കുറ്റൂർ, പാണപ്പുഴ, കൈതപ്രം, എന്നിവ സമീപ പ്രദേശങ്ങളാണ്.

# ചരിത്രപരം

'സ്ഥലനാമത്തിനു പിറകേ

ഏതൊരു ദേശത്തിനുമെന്നപോലെ മാതമംഗലത്തിനും ഒരു ചരിത്രമുണ്ടാവണം. പുരാതന രേഖകളിലെവിടെയെങ്കിലും മാതമംഗലം പരാമർശിക്കപ്പെട്ടതായി അറിവില്ല. എന്നാൽ ദേശപ്പേരിന്റെ പൊരുൾ തേടിയെത്തുന്നത് മഹാഭാരതത്തിലാണ്. ആദികാലത്ത് ഇവിടം കൊടും വനമായിരുന്നെന്നും പാണ്ഡവന്മാർ വനവാസകാലത്ത് ഇവിടെ വസിച്ചിരുന്നെന്നും ഐതിഹ്യമുണ്ട്. പാണപ്പുഴ എന്നത് പാണ്ഡവപ്പുഴയുടെ മൊഴി മാറ്റമാണെന്നും, കുന്തിയൂർ കുറ്റൂർ ആയതാണെന്നും വാദമുണ്ട്. ഈ പ്രദേശങ്ങൾക്കിടയിൽ സ്ഥിതി ചെയ്യുന്ന മാതമംഗലത്തിന്റെ പേരും ഇതുമായി ബന്ധപ്പെടുത്തുന്നുണ്ട്. പാണ്ഡവന്മാരുടെ ഇ, ഷ്ട തോഴനായ മാധവന്റെ സാന്നിധ്യ കൊണ്ട് മംഗളകരമായ സ്ഥലം എന്ന് **മാതമംഗലത്തെ** വിശദീകരിക്കുന്നുണ്ട്. പേരിന്റെ മറ്റൊരു പൊരുൾ തേടിയെത്തുന്നത് ഇവിടുത്തെ ശങ്കരമംഗലം ഇല്ലം വക മഹാവിഷ്ണു ക്ഷേത്രത്തിലാണ്. ഈ ക്ഷേത്രത്തിലെ ദേവൻ **മാത്തപ്പൻ** എന്ന പേരിലാണ് അറിയപ്പെട്ടിരുന്നതെന്നും ,മാത്തപ്പനാൽ മംഗളകരമായ സ്ഥലം മാതമംഗലമായതാണെന്നും പറയപ്പെടുന്നു. 'മാതമംഗലത്തിനടുത്തുള്ള എരമം ഏഴിമല ആസ്ഥാനമായി രൂപം കൊണ്ട മൂഷിക വംശ സ്ഥാപകനായ ഇരാമ കുടമൂവർ'ഇരാമം എന്നപേരിൽ ഉപതലസ്ഥാനമാക്കിയ സ്ഥലമാണെന്നു പറയപ്പെടുന്നു. എരമത്തിന്റെ കിഴക്കു തെക്കായി പുഴയോട് ചേർന്നു നില്ക്കുന്ന മാവത്ത് വയൽ എന്ന പ്രദേശമാണ് മാതമംഗലം..

# ദേശീയത

സ്വാതന്ത്ര്യ പൂർവകാലത്ത് ചിറക്കൽതാലൂക്കിൽപെട്ട എരമം അംശത്തിൽപെട്ടതായിരുന്നു മാതമംഗലം. ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട് ചിറക്കൽ താലൂക്ക് കോൺഗ്രസ് കമ്മിറ്റിയുടെ പ്രസിഡന്റ് എരമം സ്വദേശി കുപ്പാടക്കൻ കുഞ്ഞിരാമൻ നമ്പ്യാരായിരുന്നു. കക്കറയിൽ രൂപീകരിച്ച യുവക് സംഘത്തിന്റെ നേതൃത്വത്തിൽ ഒരു പൊതു കിണർ കുഴിപ്പിച്ചു. സവർണ മേധാവിത്തത്തിനെതിരായ നടപടിയായിരുന്നു അത്. എ .കെ. ജി അടക്കമുള്ള നേതാക്കളുടെ കീഴിൽ എരമം, അരയാക്കീൽ, കുറ്റൂർ ,പുതിയ വയൽ എന്നിവിടങ്ങളിൽ ജാതിചിന്തയ്ക്കും, അയിത്താചരണത്തിനുമെതിരായി നടന്ന സമൂഹസദ്യയും, കർഷക സമ്മേളനവും സ്മരണീയമാണ്. 1946-ൽഎരമത്ത് വാണിയ സമുദായത്തിൽപെട്ട കൊട്ടില കിഴക്കേ വീട്ടിൽ നടത്തിയ സമൂഹസദ്യ മുടക്കിയ ഉദ്യോഗസ്ഥ പ്രമാണിമാർക്കെതിരെ നടന്ന ചെറുത്തു നില്പ് മറക്കാനാവില്ല.

'=*പഞ്ചായത്ത് രൂപീകരണം* '=

1955-ൽ നിലവിൽവന്ന കുറ്റൂർ വില്ലേജ് പഞ്ചായത്തും ,1956-ൽ നിലവിൽ വന്ന എരമം വില്ലേജ് പഞ്ചായത്തും സംയോജിപ്പിച്ച് 1962-ൽ എരമം -കുറ്റൂർ പഞ്ചായത്ത് രൂപീകരിച്ചു. സി. കെ കുഞ്ഞിക്കണ്ണൻ നമ്പ്യാരായിരുന്നു പ്രഥമ

# ഈ എഴുത്ത്

പ്രസിഡന്റ്. എരമം -കുറ്റൂർ പഞ്ചായത്തിന്റെ ആസ്ഥാനമാമണ് മാതമംഗലം.
=പ്രകൃതീ...മനോഹരീ... =

പെരുവാമ്പ പുഴ കുണങ്ങിയൊഴുകുന്നത് മാതമംഗലത്തിന്റെ സുകൃതമാണ്. ഈ പ്രദേശത്തെ ഹരിതാഭമാക്കുന്നതിലും, ഊഷ്മളത നിലനിർത്തുന്നതിലും പുഴയ്ക്ക് വലിയ പങ്കാണുള്ളത്. തുപ്പന്നിക്കുന്നിന്റെ താഴ്വാരവും വയത്തൂർ കാലിയാർ ശിവക്ഷേത്രത്തിന്റെ മുൻവശവും അതിവിശാലമായ വയൽ പ്രദേശമായിരുന്നു. നെൽവയൽ പച്ചവിരിച്ച കാഴ്ച പഴയ തലമുറക്കാരുടെ ഓർമകളിൽ വസന്തം തീർക്കുന്നുണ്ട്. ചെറു കുന്നുകളും, കൈത്തോടുകളും, പാറപ്പരപ്പുകളും , പച്ചപ്പുകളും മാതമംഗലത്തെ സുന്ദരിയാക്കുന്നു.

== പ്രധാന വ്യക്തികൾ-സംഭാവനകൾ'='

- കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ -സാഹിത്യം
- ചന്തു കോമരം-വൈദ്യം
- കണ്ണൻ പാട്ടാളി ആശാൻ-കഥകളി കലാകാരൻ
- എ എം ശങ്കരൻ നമ്പീശൻ-സ്വാതന്ത്ര്യ സമര സേനാനി
- വി.കെ നായനാർ- സാമൂഹ്യ പ്രവർത്തകൻ
- പി എം പരമേശ്വരൻ നമ്പീശൻ-പ്രാസംഗികൻ, സാമൂഹ്യ പ്രവർത്തകൻ
- എം.കെ പാർവതിയമ്മ-ഉപ്പു കുറുക്കൽ സമരപോരാളി
- സി പി കുഞ്ഞാതിയമ്മ-'''
- കോറോത്ത് അബുഹാജി-കച്ചവടം, മനുഷ്യ സ്നേഹി
- സി.പി. നാരായണൻ-സാമൂഹ്യ പ്രവർത്തകൻ,സ്കൂൾ വികസനത്തിൽ പ്രധാന പങ്ക് വഹിച്ചു,മുൻ എം എൽ എ
- വി വി കുഞ്ഞിക്കണ്ണൻ-സാമൂഹ്യ പ്രവർത്തകൻ, വിഷ വൈദ്യൻ
- എം കെ കുഞ്ഞപ്പൻ-സാമൂഹ്യ പ്രവർത്തകൻ, മുൻ പഞ്ചായത്ത് പ്രസിഡൻറ്
- കുഞ്ഞാരപ്പെരുവണ്ണാൻ-ബാല വൈദ്യൻ, സാമൂഹ്യ പ്രവർത്തകൻ
- കെ സി വേണു ഗോപാൽ-സാമൂഹ്യ പ്രവർത്തകൻ,മുൻ കേന്ദ്ര മന്ത്രി,എ.പി
- കെ പി നൂറുദ്ദീൻ -മുൻ മന്ത്രി
- കടന്നപ്പള്ളി രാമചന്ദ്രൻ -പുരാവസ്തു- തുറമുഖ മന്ത്രി
- കെ പി കുഞ്ഞിക്കണ്ണൻ - മുൻ കെ പി സി സി സെക്രട്ടറി
- കെ അബുഹാജി- ആദ്യ എരമം വില്ലേജ് പഞ്ചായത്ത് അംഗം

# ഈ എഴുത്ത്

- മാതമംഗലം കുഞ്ഞിക്കൃഷ്ണൻ-വാഗ്മി,മുൻ ഡി സി സി പ്രസിഡൻ്റ്
- പോക്കർ ഹാജി-കച്ചവടം,സാമൂഹ്യ സേവനം,സ്കൂളിന് സൗജന്യമായി സ്ഥലം നല്കി
- ടി വി ഭാർഗവൻ മാസ്റ്റർ-നടൻ മേയ്ക്കപ്പ്മാൻ
- ബാലൻ മാസ്റ്റർ -അധ്യാപകൻ,നാടക കലാകാരൻ

# *തൊഴിൽമേഖലകൾ*

- കൃഷി
- കച്ചവടം
- കന്നുകാലി വളർത്തൽ
- അധ്യാപനം
- ഗ്രമസ്ത്രപ്പണി
- നിർമാണ പ്രവർത്തനം
- വാഹനമോടിക്കൽ
- ആശാരിപ്പണി
- കല്ല് വെട്ട്






# ആരാധനാലയങ്ങൾ

തൃപ്പന്നിക്കുന്ന് മഹാദേവ ക്ഷേത്രം

വയത്തൂർ കാലിയാർ ക്ഷേത്രം

മാത്തപ്പൻ ക്ഷേത്രം

നീലിയാർ ഭഗവതി ക്ഷേത്രം

ഉറവങ്കര ക്ഷേത്രം

തെക്കൻ കരിയാത്തൻ ക്ഷേത്രം

പുലിയൂര് കാളി ക്ഷേത്രം

കണ്ണങ്ങാട് ഭഗവതിക്ഷേത്രം

കുറ്റൂർ ശിവ ക്ഷേത്രം



# ഈ എഴുത്ത്

മൈലഞ്ചേരി ഭഗവതി ക്ഷേത്രം

വേട്ടയ്ക്കൊരു മകൻക്ഷേത്രം

മാതമംഗലം ജുമാ-അത്ത് പള്ളി

സെൻറ് ജോൺസ് പള്ളി കുറ്റൂർ

## വാമൊഴിയുടെ സൗന്ദര്യം

ആട-അവിടെ

ഈട-ഇവിടെ

ഓട്ത്തു-എവിടെ

ഓൻ-അവൻ

ഓൾ-അവൾ,ഭാര്യ

ഓറ്-അദ്ദേഹം

എറയം-വരാന്ത

ഏട്ടി-ഏടത്തി

പിഞ്ഞാണം-പാത്രം

മുപ്പട്ടേ-മുമ്പേ

മോന്തി-സന്ധ്യ

മോന്ത-മുഖം

മ്ഉ്ട്-മുഖം

കാളൽ-കരച്ചിൽ

വീക്കുക-അടിക്കുക

മോങ്ങൽ-വെറുതെ കരയൽ

ഞായം-ന്യായം

# ഈ എഴുത്ത്

തൊള്ള-തൊണ്ട

കലമ്പൽ-വഴക്ക് കൂടൽ

പാങ്ങ്-ഭംഗി,ഭേദമാവുക,വൃത്തിയാക്കുക

ബെഡ്ക്ലൂസ്-മണ്ടൻ

ജോറ്-ഉഷാറ്

# ശൈലികൾ

ഒരു വെടിക്ക് രണ്ടുപക്ഷി

ആനക്കാര്യത്തിനിടയിൽ ചേനക്കാര്യം

ഓലപ്പാമ്പ്

അരണബുദ്ധി

ആനച്ചന്തം

കാർക്കോടകൻ

# നാട്ടറിവുകൾ

സന്ധ്യയ്ക്ക് കാലാട്ടരുത്.

രാത്രിയിൽ മോര് കഴിക്കരുത്.

ഭക്ഷണം കഴിക്കുമ്പോൾ തലക്ക് കൈ വെയ്ക്കരുത്.

സന്ധ്യയ്ക്ക് അലക്കരുത്

കതക് തട്ടിയടക്കരുത്.

സന്ധ്യയ്ക്ക് മുടി മുറിക്കരുത്.

ചക്ക ഉരുട്ടരുത്.

ചോറ് കിഴക്ക് തിരിച്ച് വാർക്കണം

# മാതമംഗലം-വികസനത്തിന്റെ പാതയിലൂടെ...

മാതമംഗലം , മാതമംഗലം ബസാറായി വളർന്നതിനു പിന്നിലെ ചരിത്രം കൃത്യമായി അടയാളപ്പെടുത്തുക സാഹസമായിരിക്കും. വികസന വഴിയിൽ ഇവിടത്തെ വ്യാപാരചരിത്രത്തിന് വലിയ പങ്കുണ്ട്. ഷേണായി കുടുംബങ്ങളുടെ വരവോടുകൂടിയാണ് ഇവിടെ കച്ചവടത്തിന് തുടക്കമാകുന്നത്. 20-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ




കുഞ്ഞിമംഗലം, തളിപ്പറമ്പ് എന്നീ പ്രദേശങ്ങളിൽ നിന്നുള്ള ചില മുസ്ലീം കുടുംബങ്ങൾ ഇവിടേക്കെത്തി. മരക്കച്ചവടമായിരുന്നു ഇവരുടെ ആദ്യകാല തൊഴിൽ. കോറോത്ത് മമ്മദ്, പോക്കുഹാജി എന്നിവരായിരുന്നു പ്രധാന മരക്കച്ചവടക്കാർ. ഇന്നത്തെ മുസ്ലീം പള്ളിക്ക് സമീപത്ത് കമ്പനിപ്പീടികയെന്നറിയപ്പെട്ട ഇരുനിലക്കെട്ടിടത്തിൽ മൂസ മുഹമ്മദ് ഹാജിയാണ് ആദ്യത്തെ മലഞ്ചരക്ക് വ്യാപാരം തുടങ്ങിയത്. റോഡ് നിലവിൽവന്നതോടെയാണ് കച്ചവടം വികസിച്ചത്.

തുടക്കത്തിൽചെറിയൊരു മദ്രസ സ്ഥാപിക്കുകയും, പിന്നീട് പോക്കുഹാജി സൗജന്യമായി നല്കിയ സ്ഥലത്ത് മുസ്ലീം പള്ളി സ്ഥാപിക്കുകയും ചെയ്തു..1987-ൽ ഇന്നത്തെ പുതിയ മസ്ജിദ് സ്ഥാപിച്ചു. ഒരു യത്തീംഖാനയും ഇതോടൊപ്പം പ്രവർത്തിക്കുന്നുണ്ട്.

മാതമംഗലത്തിന്റെ സാംസ്കാരിക ഭൂമികയ്ക്ക് തിലകക്കുറിയായി വർത്തിക്കുന്ന മാതമംഗലം സർക്കാർ വിദ്യാലയം 1912-ൽപ്രൈമറി സ്കൂളായിട്ടാണ് തുടങ്ങിയത്. ഹൈസ്കൂളിന് സ്വന്തമായി കെട്ടിടം പണിയുന്നതിനായി ആറേക്കറോളം സ്ഥലം സൗജന്യമായി നല്കിയത് പോക്കു ഹാജിഎന്ന സുമനസ്സാണ്. മാതമംഗലത്ത് അധ്യാപക പരിശീലന കേന്ദ്രം അനുവദിച്ചു കിട്ടുന്നതിനും, ഹൈസ്കൂൾ ഹയർ സെക്കൻററിയായി ഉയർത്തുന്നതിനും സ്ഥലം എ.എൽ എ ആയിരുന്ന സി.പി.നാരായണൻ അവർകളുടെ നിസ്തുല പങ്കുണ്ട്.

മാതമംഗലത്തിന്റെ സാമൂഹ്യ-സാംസ്കാരിക പുരോഗതിയിൽനിർണായക സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്ന ജ്ഞാനഭാരതി ഗ്രന്ഥാലയത്തിന് ചുക്കാൻ പിടിച്ചത് മാതമംഗലം സ്കൂളിലെ പൂർവാധ്യാപകനായിരുന്ന മല്ലിശ്ശേരി കരുണാകരൻ മാസ്ററററായിരുന്നു.

പാരമ്പര്യവൈദ്യന്മാർ ഏറെയുണ്ടായിരുന്ന ഇവിടെ നാല്പതുകളിലെ കോളറക്കാലത്താണ് വി.ആർ നായനാരുടെ ശ്രമഫലമായി ആയുർവേദാശുപത്രി സ്ഥാപിച്ചത്.

1962-ൽ തപാലാപ്പീസ്,1969-ൽ സിൻഡിക്കേറ്റ് ബേങ്ക്1973-ൽ എരമം-കുറ്റൂർ സർവീസ് സഹകരണ ബേങ്ക്,1973-ൽ വിജയാ ടാക്കീസ്, എന്നിവ വന്നതോടെ മാതമംഗലം വികസിക്കാൻ തുടങ്ങി. ഇന്ന് മാതമംഗലത്തിന്റെ മുഖച്ഛായ തന്നെ മാറി. മാവത്ത് വയൽ മാവത്ത് പട്ടണമായെന്നു പറയാം. നിരവധി ബേങ്കുകൾ, ആശുപത്രികൾ, കച്ചവട കേന്ദ്രങ്ങൾ, സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾഎന്നിവ മാതമംഗലത്തിനും നാഗരിക മുഖം നല്കുന്നെങ്കിലും നാടിന്റെ നന്മയ്ക്ക് കാവലാളാകാൻ ഇവിത്തെ ജനങ്ങൾക്ക് കഴിയുന്നു.

## വികസന സാധ്യതകൾ

മാതമംഗലത്ത് പുതിയ ബസ് സ്റ്റാൻറ് പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. നൂറോളം കടമുറികൾ പ്രവർത്തിക്കാൻ തുടങ്ങിയാൽ മാതമംഗലത്തെ വ്യാപാര പാരമ്പര്യത്തിന് മുതൽക്കൂട്ടാകും. എരമം പുല്ലു പാറക്ക് പ്രവർത്തനമാരംഭിക്കാനിരുന്ന ഐ.ടി പാർക്കിന്റെ പ്രവർത്തനങ്ങൾ പുനരാരംഭിക്കാനുള്ള നടപടികളെടുത്താൽ നാടിന് ഗുണകരമാകും

അഖിൽ സന്തോഷ് .9 B

അശ്വിൻ .9 B

ഹരികൃഷ്ണൻ.9 B

ഈ എഴുത്ത്

## മലയാളപ്പച്ച




സഹ്യന്റെ മടിയിൽ തലചായ്ച്ചും
ഉടലോ അറബിക്കടലിനർപ്പിച്ചും
കേരവൃക്ഷങ്ങൾ തിങ്ങിയുലയുന്ന
പുഴയോളങ്ങൾ കളിചിരി പറയുന്ന
കേരള നാടിനെ കൈവണങ്ങാം.

നാനാ കലകൾ തൻനാട്
നാനാ കാഴ്ചകൾ തൻ നാട്
മലയാള ഭാഷയെ ചെത്തിമിനുക്കിയ
തുഞ്ചന്റെ നാടല്ലോ എൻ കേരളം
പച്ചപ്പട്ടുടുത്ത് നിൽക്കുന്ന കേരളം
പാരിൽ മരതകക്കല്ലാണ് കേരളം
ആവോളം വാഴ്ത്തണം
വാനോളം വാഴ്ത്തണം
കേരളനാടിനെ കൈവണങ്ങേണം.
കേരളനാടിനെ തൊഴുതുനിൽക്കണം.

കീർത്തന എം വി
8F

# വിശപ്പ്

"എനിക്കു ഭക്ഷണം വേണം"

വയർ പിറുപിറുത്തു.

വയറിനെ സമാധാനിപ്പിച്ചവൻ

പുരികം മടക്കുകളാക്കി

"പാത്രം നീട്ടിയിട്ടുണ്ട്

കിട്ടിയാൽ തരാം."

*നന്ദന വി വി*



# സെൽഫി - ഷ്

നടുറോഡിൽ രക്തം വാർന്നൊഴികി.
ജീവന വേണ്ടിയുള്ള ഞരക്കങ്ങൾ
ആകാംഷയോടെ കണ്ണ് തുറപ്പിച്ചു.
എടുത്തു ഒരു സെൽഫി
സെന്റ് ചെയ്തപ്പോൾ, ആഹാ.....!
ഒരു മനസുഖം...

*നന്ദന വി വി*



# ഈ എഴുത്ത്

## ഒരു കഥ ഒരു നാടൻ കഥ




കോരൻ മൂസോറും പാറുവേട്ടിയും കൊട്ടണച്ചേരി വെടി പൊട്ടിയപ്പോൾത്തന്നെ ഉറക്കമുണർന്നു .ചോക്കച്ചീന്റെ ആലയിൽപ്പോയി കടിച്ചീനെ അയിച്ചു വിട്ടു.പാറു ഒരു മുരുട നിറയെ തണുത്ത വെള്ളവുമായെത്തി.കോരൻമൂസോറ് പൈയ്യിനെ കറന്നു.കടിച്ചീനെ കച്ചൂടിലാക്കിക്കെട്ടി.പാറു അന്വേഷിച്ചു "കർക്കിടമാസായില്ലേ....നമ്മ എടവത്തില് പൊനം വാളീറ്റ് വന്നേപ്പിന്നെ മലക്ക് പോയിറ്റില്ലല്ലാ...ഇന്ന് പോണം.എങ്ങനീണ്ടമ്മാപ്പാ നെല്ലും കക്കിരിയും എല്ലം".
"പറഞ്ഞപോലെയന്നെ.ഇന്നന്നെ പോവ പാറൂ....." നേരം വെളുത്തു വന്നേരം രണ്ടു പേരും കാട്ടിലേക്കു പുറപ്പെട്ടു.ആടിവേടനെയും കർക്കിടോത്തിയെയും കണ്ണു കുളിർക്കെ കണ്ടു.കാക്കാപ്പൂക്കളും കൃഷ്ണപ്പൂക്കളും പൂത്തുലഞ്ഞു നില്ക്കുന്നു.പുനം കൃഷി ചെയ്ത കാട്ടിലെത്തിയപ്പോൾ നട്ടുച്ചയായി.എന്തു പാങ്ങാന്ന് കാണാൻ.പൂത്താട നെല്ല് കതിരണിഞ്ഞു നില്ക്കുന്നു.അപ്പുറത്ത് ചാമയും മുത്താറിയും തിനയും നന്നായി വളർന്നിറ്റ്ണ്ട്.വെണ്ടയും കക്കിരിയും മത്തനും കുമ്പളവും പറങ്കിയും പൂത്തുലഞ്ഞതു കണ്ടിട്ടും കണ്ടിട്ടും മതിയാവ് ന്നില്ല.പാറുവിന് സന്തോഷം അടക്കാൻ കഴിയുന്നില്ല.സ്വയം മറന്ന് ഒന്നു പൊട്ടിച്ചിരിക്കണമെന്നു തോന്നുന്നു.ഒരു കുട്ടിയായതുപോലെ....പക്ഷേ ഇവറ് കളിയാക്കും. ഒന്നും വേണ്ടപ്പാ.........പാറുവേട്ടിയുടെ പുഞ്ചിരി കണ്ട അരിപ്രാവുകൾ കൂട്ടത്തോടെ ഉച്ചത്തിൽ കുറുകാൻ തുടങ്ങി.കുറെ കാട്ടുകോഴികളും കൂവിവിളിച്ച് പാറുവേട്ടിയുടെ സന്തോഷത്തിൽ പങ്കു ചേർന്നു.

നന്ദിത.9.E

# ഈ എഴുത്ത്

# ഓർമയിലെ കോമാളി

ആദ്യമെൻ മിഴികൾ നനഞ്ഞതില്ലാ............
ഇന്നെൻ മിഴികൾ കവിഞ്ഞൊഴുകുന്നു
മനുഷ്യരെൻ മേനിയെ മലിനമാക്കുന്ന -
തിൽ പ്ലാസ്റ്റിക്കും,മലിനവും
കൊണ്ടുമൂടി.
സ്നേഹിക്കാൻ എൻ കുഞ്ഞു മത്സ്യങ്ങളും
ചത്തു പൊന്തുന്ന വേദനയാൽ
എന്തെല്ലാമെന്തെല്ലാം സഹിക്കുന്നു ഇന്നു -
ഞാൻ,മാനുഷർതൻ ക്രീടകളാൽ
എന്തിന്നു മാനുഷർ കൊല്ലാതെ കൊല്ലുന്നു
എൻ മക്കളെ........,
ഫാസ്റ്റ്ഫുഡ് പാക്കറ്റും,നിറഭക്ഷണങ്ങളും
കെട്ടുകളായി ജലാശയത്തിൽ.
എലികളും,കൊതുകും പെറ്റു
പെരുകി
രോഗങ്ങൾ നിങ്ങൾ മനുഷ്യരെ
കാത്തിരിപ്പൂ..........
പുതിയൊരു ജീവിതത്തിനായി
കാത്തിരിക്കുന്നു ഞാൻ
കാത്തുനിൽക്കുന്നു.
ഓർമയിൽ പരിഹസിക്കാനൊരു കോമാളിയാണിന്നു ഞാൻ.





# ഒരു പുഴയുടെ സ്വപ്നം

ഭൂമിതൻ തങ്ക കുടമല്ലേ
ഭൂമിതൻ
അവകാശികൾ
ആണ് നമ്മൾ
പേമാരി വന്നാൽ
മാത്രമല്ലോ നാം
കണ്ണെഞ്ചും ദൂരത്ത്
ചിതറുന്നത്.




എന്തൊരു ചന്ദമാ എന്നെക്കാണാൻ
എന്തൊരു ഭംഗിയാണ് എന്നെക്കാണാൻ
പ്രപഞ്ചത്തിൻ താഴ്വരയിലൂടെ
നാം കുത്തൊഴുക്കായി ഒഴുകുന്നു.
കാണുമ്പോൾ പറയാനും
പറയുമ്പോൾ കേൾക്കാനും
നിങ്ങളോടൊപ്പം ഞാനുണ്ടേ.
എന്റെ ചന്തം കുറയുകയാണേ
എന്റെ മാനസം കുറയുകയാണേ
നിങ്ങൾ വരൂ മുന്നോട്ട്
എനിക്കു വേണ്ടി പ്രയത്നിക്കാൻ
എന്നെ നിങ്ങൾ ചാടരുതേ
എന്നെ നിങ്ങൾ വെറുക്കരുതെ
മാലിന്യത്തിൻ കുമ്പാരമല്ലോ
നമ്മുടെ സ്വന്തം കേരളത്തിൽ
ഞാൻ ഒഴുകുന്നത് ഇതിലൂടെയാണ്
ഒന്നു നിങ്ങൾ ചിന്തിക്കൂ
വളർന്നു വരുന്ന തലമുറയ്ക്കു വേണ്ട

# ഇൗ എഴുത്ത്

പുഴ എന്താണ് എന്ന് അറിയാൻ ഞാൻ വേണ്ടേ
എന്തിനാണ് എന്നെ വെറുക്കുന്നത്
ഞാൻ നിങ്ങളെ ക്ഷോഭിച്ചിനോ
ഒരു പ്രളയം വന്നാൽ നമ്മളൊക്കെ പാതി വഴിയിൽ ആകില്ലെ
സുന്ദരമായി ഒന്ന് തല ചായിക്കുവാൻ
ജലത്തിന്റെ ഉള്ളിൽ ഉണ്ട് കുഞ്ഞു മക്കൾ
ഗപ്പിയും,പീരനും ഒക്കെയാണ്
എന്റെ ജലത്തുള്ളിയിൽ കഴിയുന്നത്
നിങ്ങൾ ഇങ്ങനെ ചീത്തയാക്കിയാൽ
പൊലിയുന്ന ജീവൻ ഇവരുടേതല്ലെ
പോകല്ലേ മക്കളേ എന്നിൽ നിന്ന്
അകലുകയാണേ എന്നിൽ നിന്ന്
എന്നുമെന്നും ഒരു കൈത്താങ്ങിനായി
നിങ്ങളില്ലാതെ എനിക്ക് വേറെ ആരുണ്ട്
മണൽ വാരി എൻ ഹൃദയം നശിപ്പിക്കുന്നു
നമ്മുടെ ഇന്നത്തെ മനുഷ്യര്
ത്യാഗം സഹിക്കാൻ എന്ക്കാവില്ല
സങ്കടത്തിന്റെ പിടി വക്കിൽ
അകലല്ലേ അകലല്ലേ മനുഷ്യരേ
എന്നെ ജപിക്കു മനുഷ്യരേ
ഞാൻ കുതിക്കട്ടെ മുന്നോട്ട്
ഞാൻ വളരട്ടെ പ്രജകളേ

# ഈ എഴുത്ത്

## പുഴയുടെ കരച്ചിൽ ആരു കണ്ടു...



പുഴ പറഞ്ഞതും അരുവി പറഞ്ഞതും
കടലു പറഞ്ഞതും ആരു കേൾക്കാൻ
മഴ കരയുമ്പോൾ പുഴയുടെ സന്തോഷം
ആരു കണ്ടു....
സൂര്യൻ ചിരിക്കുമ്പോൾ പുഴയുടെ
സങ്കടം ആരു കണ്ടു....
മഴ മേഘങ്ങളിൽ നിന്ന് ഇറ്റി വീഴുന്ന
മഴത്തുള്ളി കണ്ട പുഴയുടെ ആനന്ദം
ആരു കണ്ടു....
പ്ലാസ്റ്റിക്ക് സഞ്ചി തൻ മാറിലൂടെ
ഒഴുകുന്നതു കണ്ട പുഴയുടെ വേദന
ആരു കണ്ടു....
ഭൂമിയുടെ ഞരമ്പുകളായ പുഴകളുടെ
കരച്ചിൽ ആരു കണ്ടു ആരു കണ്ടു
ആരു കണ്ടു..............

സഞ്ചൽ . എ .
9D

# == അമ്മിഞ്ഞപ്പാൽ ==

മുലപ്പാലിൻ മധുരം ഞാൻ നുകർന്നുവമ്മേ

ജീവിതം അതിലൂടെനിക്കേകി നീ
പൊക്കിൾക്കൊടി അറുത്തെന്നിൽനിന്നും

നിന്നെ
അകറ്റിയപ്പോൾ



എൻകുഞ്ഞു നൊമ്പരം
നീയറിഞ്ഞോ

ചുംബനമധുരമെൻ കവിളിൽ
നിറക്കവേ

നറുചുംബനസുകൃതം തിരിച്ചേകി ഞാൻ

പിച്ചവെച്ചോടിക്കിതച്ചു വീണപ്പോൾ

അൻപോടെ വാരിത്തഴുകിയില്ലേ

ആദ്യവിദ്യാലയപ്പടികൾ കയറുമ്പോൾ

നൊമ്പരം കണ്ണീരിലൂടൊലിച്ചിറങ്ങി

പാതിയിളകിയ മതിലിന്നു ചാരി

തേങ്ങിയ കണ്ണുകൾ ഞാനറിഞ്ഞു

നീയാണെൻ ജീവതാളവും ഭാവവും
നീയെൻ ജീവ വാഹിയല്ലോ.....

മഞ്ജിമ .എ.വി(10.സി)

# ഈ എഴുത്ത്

## കുപ്പായം

'

ഞാൻ ജനിച്ചപ്പോൾ അമ്മ

എനിക്ക് കുപ്പായമിട്ടുതന്നു

മുലപ്പാലിന്റെ ഗന്ധം വഹിക്കുന്ന

വെണ്മക്കുപ്പായം

പിന്നെയും ഞാൻ വളർന്നു, കുപ്പായമിട്ടു

അപ്പോൾ അമ്മ പറഞ്ഞു ,
നിന്റെ കുപ്പായം നീ തന്നെ തുന്നണം

ചരിത്രത്തിന്റെ ഗന്ധം വഹിക്കുന്ന

"വെണ്മക്കുപ്പായം"

ഇന്നും ഞാനാ വെണ്മക്കുപ്പായത്തിൽ
ചുരുണ്ടുകൂടിക്കുന്നു



ദർശന.എം,10 B

# ഈ എഴുത്ത്

## ഡിസംബർസ്മരണ

മരിച്ച ഡിസംബറിൻ ജഡം നോക്കി ചിരിക്കുന്നു
കറുത്ത മഞ്ഞിൽ മൂട്ടുപടമിട്ട്
കടൽക്കാറ്റ മെല്ലെ കടന്നുവന്നു
തണുത്തു വിറങ്ങലിക്കുന്ന നിലാവും
വിട പറയുന്ന കിനാക്കളും
വരുംദിനങ്ങൾതൻ സ്മൃതികളെ
ഇനി
വരവേൽക്കുവാനായ്
ഒരുങ്ങി നിൽക്കുന്നു ഞാൻ

കഥകളൊരു പാട്ടു ബാക്കിയാക്കി
പലരും പല വഴി യാത്രയായി

അനഘ. കെ( 8 . എഫ്)



# ഈ എഴുത്ത്

## കാവുകളുണരുമ്പോൾ..........

### തെയ്യം

ഉത്തരകേരളത്തിൽ പ്രചാരത്തിലുള്ള അനുഷ്ഠാനകലകളിൽ ഒന്നാണ് തെയ്യം. ആര്യാധിനിവേശത്തിനു കീഴ്പ്പെടാത്ത ദ്രാവിഡപ്പഴമയാണ് തെയ്യങ്ങൾ എന്ന് അഭിപ്രായമുണ്ട്. പഴയങ്ങാടിപ്പുഴയ്ക്കു വടക്കോട്ട് കളിയാട്ടം എന്നും പഴയങ്ങാടി മുതൽ വളപട്ടണം വരെ തെയ്യം എന്നും അല്പവ്യത്യാസങ്ങളോടെ തെയ്യം അറിയപ്പെടുന്നുനൃത്തം ചെയ്യുന്ന ദേവതാസങ്കല്പമാണ് തെയ്യം. തെയ്യത്തിന്റെ നർത്തനം തെയ്യാട്ടം എന്നും തെയ്യത്തിന്റെ വേഷം തെയ്യക്കോലം എന്നും അറിയപ്പെടുന്നു. ദേവാരാധന നിറഞ്ഞ തെയ്യംകലയിൽ മന്ത്രപരമായ അനുഷ്ഠാനം, തന്ത്രപരമായ അനുഷ്ഠാനം, കർമ്മപരമായ അനുഷ്ഠാനം, വ്രതപരമായ അനുഷ്ഠാനം എന്നിവ ഇടകലർന്നുകാണുന്നു. പ്രധാനമായും അമ്മ ദൈവങ്ങൾ ആണ് തെയ്യങ്ങൾ (ഉദാ: മുച്ചിലോട്ട് ഭഗവതി) . കൂടാതെ വീരന്മാരെയും തെയ്യങ്ങൾ ആയി ആരാധിക്കുന്നു. (ഉദ:കതിവനൂർ വീരൻ). ഏതാണ്ട് അഞ്ഞൂറോളം തെയ്യങ്ങൾ ഉണ്ടെന്നാണു പറയപ്പെടുന്നത്. എങ്കിലും നൂറ്റിരുപതോളം തെയ്യങ്ങളാണ് സാധാരണമായിട്ടുള്ളത്.വൃക്ഷാരാധന, പർവതാരാധന, അമ്മദൈവാരാധന, പ്രേതാരാധന, ശൈവ-വൈഷ്ണവാരാധന എന്നിങ്ങനെ പല ആരാധനാരീതികളുടേയും സമന്വയമാണ്.



# തെയ്യം കൂടൽ

തെയ്യാട്ടം ആരംഭിക്കുന്നതിന് തലേന്നാൾ തന്നെ കോലക്കാരനും വാദ്യക്കാരുമെല്ലാം തെയ്യസ്ഥലത്തെത്തിയിരിക്കും. സന്ധ്യക്കുമുന്നേ വാദ്യങ്ങൾ കൊട്ടിയറിയിക്കും. തെയ്യാട്ടത്തിന്റെ ചടങ്ങുകൾ ആരംഭിക്കുന്ന ഈ ചടങ്ങിന് തെയ്യം കൂടൽ എന്നാണ് പറയുക.. സന്ധ്യയോടു കൂടിയോ അതിനു മുന്നിലോ ഉച്ചത്തോറ്റം ആരംഭിക്കും. പിന്നീട് വെള്ളാട്ടം ഉണ്ടാകും.ആതിനു ശേഷം കൊടിയിലത്തോറ്റം കാണും. തെയ്യം കെട്ടുന്ന കോലക്കാരൻ ദേവതാസ്ഥാനത്തു മുന്നിൽ ചെന്ന് നിന്ന് അരിയും തിരിയും വെച്ച നാക്കില ഏറ്റുവാങ്ങുന്ന ചടങ്ങാണിത്.. 'അന്തിത്തോറ്റം' സന്ധ്യയ്ക്കുശേഷമാണു മിക്ക ദിക്കിലും കണ്ടുവരുന്നത്. ചില ദേവതകൾക്കു 'വെള്ളാട്ട'മാണ്. അതും സന്ധ്യയ്ക്കു മുമ്പായോ രാത്രിയിലോ നടക്കും. ഉത്സവം തുടങ്ങുന്നതറിയിക്കാൻ ചുവപ്പ്, വെള്ള, കറുപ്പ് നിറങ്ങളടങ്ങിയ ഒരു കൊടി ചെമ്പക മരത്തിലൊ കൊടിമരമുണ്ടെങ്കിൽ അതിലോ കയറ്റും. കാവ് അടിച്ചുവാരി ചാണകം തളിക്കും. . പള്ളിയറയിൽ നിന്ന് ഒരു വിളക്കു കത്തിച്ച് അണിയറയിലെ അനുഷ്ഠാന കല്ലിൽ വെയ്ക്കുന്നതോടെ അണിയറ സജീവമാവും.



# ഇളംകാറ്റ് എന്നെ തോറ്റം പാട്ട്

തെയ്യങ്ങൾക്കും അവയുമായി ബന്ധപ്പെട്ട തോറ്റം, വെള്ളാട്ടം എന്നിവയുടെ പുറപ്പാടിനും പാടുന്ന അനുഷ്ഠാനപ്പാട്ടുകൾക്ക് തോറ്റംപാട്ടുകൾ എന്നാണു പറയുന്നത്. സ്തോത്രം എന്ന സംസ്കൃതപദത്തിന്റെ വകഭേദമാണ് തോറ്റം. വരവിളിത്തോറ്റം, സ്തുതികൾ, കീർത്തനങ്ങൾ, അഞ്ചടിത്തോറ്റം, മൂലത്തോറ്റം, പൊലിച്ചപാട്ട്, ഉറപ്പിൽത്തോറ്റം തുടങ്ങിയ ഘടകങ്ങൾ ഈ തോറ്റംപാട്ടുകൾക്കുണ്ട്. എല്ലാ ദേവതകളുടെ പാട്ടുകളിലും ഈ അംഗങ്ങൾ മുഴുവൻ കണ്ടുവെന്നുവരില്ല. തെയ്യങ്ങൾക്കു 'വരവിളി' പ്രധാനമാണ്. സുദീർഘമായ തോറ്റം പാട്ടുകളൊന്നുമില്ലാത്ത തെയ്യങ്ങൾക്കുപോലും വരവിളിത്തോറ്റമുണ്ടാകും. ഇഷ്ടദേവതയെ വിളിച്ചുവരുത്തുന്ന പാട്ടാണത്.



# വെള്ളാട്ടം

തെയ്യത്തിനുമുമ്പായി നടത്തുന്ന ഒരു അനുഷ്ഠാനമാണ് വെള്ളാട്ടം. തെയ്യാട്ടത്തിനു തലേദിവസം കോലക്കാരൻ ലഘുവായ തോതിൽ വേഷമണിഞ്ഞ് ചെണ്ടകൊട്ടി പാട്ടുപാടുകയും അതിന്റെ അന്ത്യത്തിൽ ഉറഞ്ഞുതുള്ളി നർത്തനം ചെയ്യുകയും പതിവുണ്ട്. തോറ്റക്കാരനോടൊപ്പം മറ്റു പാട്ടുകാരും പാടും. തോറ്റം കെട്ടിയ കലാകാരനും മറ്റുള്ളവരുംകൂടി പാടുന്ന പാട്ടിനെ തോറ്റംപാട്ട് എന്നാണ് പറയുക. 'തോറ്റംപാട്ട്' പാടുന്ന വേഷം 'തോറ്റ'വും, തോറ്റമെന്ന വേഷം (തോറ്റക്കാരൻ)പാടുന്ന അനുഷ്ഠാനഗാനം 'തോറ്റംപാട്ട്'മാകുന്നു. തെയ്യത്തോറ്റങ്ങൾക്കു മാത്രമേ ഈ ലാക്ഷണികമായ അർഥമുള്ളൂ. 'തോറ്റ'മെന്ന പദത്തിന് 'സ്തോത്രം' എന്ന അർഥമുണ്ട്. എന്നാൽ തോന്നുക, സൃഷ്ടിക്കുക, പുനരുജ്ജീവിപ്പിക്കുക എന്നീ അർഥങ്ങളുള്ള ഒരു പഴയ ക്രിയാരൂപമത്രെ 'തോറ്റുക' എന്ന പദം. 'തോറ്റം' എന്ന നാമപദം അതിൽനിന്നുമുണ്ടായതായിരിക്കണം. തോറ്റക്കാരന്റെയോ തെയ്യക്കാരന്റെയോ ശരീരത്തിൽ ദേവത ആവേശിച്ച് വെളിപാടുകൊള്ളുവാനാണ് 'തോറ്റം' പാടുന്നത്. 'വരവിളി' തോറ്റത്തിലൂടെ ദേവതയെ ക്ഷണിച്ചുവരുത്തുകയാണു ചെയ്യുന്നത്. 'തോറ്റ'ത്തിന് ഉച്ചത്തോറ്റം, അന്തിത്തോറ്റം എന്ന തരഭേദം കാണാം. സമയസൂചകങ്ങളാണ് ആ പദങ്ങളെങ്കിലും സമയനിഷ്ഠ പ്രായേണ പാലിച്ചുകാണാറില്ല. തെയ്യം കെട്ടുന്നവർ ചില ചമയങ്ങൾ അണിഞ്ഞും മിക്കപ്പോഴും മുഖമെഴുതിയുമാണ് വെള്ളാട്ടം നടത്തുന്നത്. തെയ്യത്തിന്റെ കൗമാരപ്രായമാണ് വെള്ളാട്ടത്തിലൂടെ അവതരിപ്പിക്കുന്നത്.തെയ്യത്തിന്റെ ചെറിയ രൂപമായ 'തോറ്റം' എല്ലാ തെയ്യങ്ങൾക്കും പതിവില്ല. അത്തരം തെയ്യങ്ങൾക്കും തിറകൾക്കും 'വെള്ളാട്ട'മാണ് പതിവ്. 'വെള്ളാട്ട'ത്തിന് 'തോറ്റ' വേഷത്തേക്കാൾ ഉടയാടകളും മെയ്യലങ്കാരങ്ങളും ഉണ്ടാകും. മുഖത്തുതേയ്യം വെള്ളാട്ടത്തിനു പതിവുണ്ട്. രൂപത്തിലും ഭാവത്തിലും അവ തെയ്യത്തോട് അടുക്കുന്നു. സ്ത്രീദേവതകൾക്കെല്ലാം 'തോറ്റ'മുണ്ട്. പുരുഷദേവതകൾക്കു മിക്കതിനും 'തോറ്റം' കാണും. എന്നാൽ വേട്ടയ്ക്കൊരുമകൻ, ഊർപ്പഴച്ചി, പൂമാരുതൻ, വയനാട്ടുകുലവൻ, കണ്ടനാർ കേളൻ, പുലികണ്ടൻ, ബാലി, വൈരജാതൻ, പുലിയൂരുകണ്ണൻ, കന്നിക്കൊരുമകൻ, വടവീരൻ, അങ്കക്കാരൻ, വീരഭദ്രൻ, പൂളോൻ ദൈവം എന്നീ 'കോല'ങ്ങൾക്കു 'വെള്ളാട്ട'മുണ്ട്. വെള്ളാട്ടമുള്ളവയ്ക്ക് 'തോറ്റ'മോ, 'തോറ്റ'മുള്ളവയ്ക്ക് 'വെള്ളാട്ട'മോ സാധാരണ പതിവില്ലെങ്കിലും, കൂടുതൽ നാളുകളിൽ തെയ്യാട്ടം നടത്തപ്പെടുമ്പോൾ, ഒന്നിടവിട്ട ദിവസങ്ങളിൽ വെള്ളാട്ടവും തോറ്റവും മാറിമാറി കാണാറുണ്ട്.

**അനാമിക.9.B**



# ഈ എഴുത്ത്

## രാത്രിയുടെ സൗന്ദര്യം

ഇരുളിന്റെ ശാന്തതയിൽ
മിന്നി മറയുന്ന മിന്നാമിനുങ്ങുകളും
മിന്നി തിളങ്ങുന്ന താരകളും
പാതിവിടർന്ന മുല്ലമൊട്ടിന്റെ
സുഗന്ധംപേറി,മത്തുപിടിച്ച
ഇളംകാറ്റ് എന്നെ മെതോറ്റം പാട്ട്



ല്ലെതലോടി.
കാത് തുളയ്ക്കുന്ന സ്വരത്തിൽ
ചീവീടിന്റെ കരച്ചിൽ
ചിറകടിച്ച് പറക്കുന്ന വവ്വാലുകൾ
നാളെയെ കുറിച്ച് മന്ത്രിക്കുന്നു.
ഈ കാഴ്ചകൾക്ക് ,
സാക്ഷിയായി ഞാൻ.
അടുത്ത പ്രഭാതത്തിനായി
ഇമകൾ ചിമ്മി.

മാളവിക.വിവി

# ഈ എഴുത്ത്

## അവസാനത്തെ പുഴകൾ

കര പറയുന്ന കവിതകളെ കവി വാചാലമാക്കി
കര  പറഞ്ഞത് മണ്ണിനോടല്ല പുഴയോട്
കര പറഞ്ഞതല്ല പുഴ പറഞ്ഞതാണ് കഥ

പുഴ യാത്രപോയത്രേ ദൂരെയെവിടേയോ...
മണ്ണിനോടും മനുഷ്യനോടും മരത്തോടും കിളിയോടും
നിർജീവവായുവിലെവിടെയോ മങ്ങിയ നീരാവിയോടും

കഥ പറഞ്ഞ്,കവിതയറിഞ്ഞങ്ങനെ നടന്നവത്രെ
കഥയ്ക്ക് മറുപടിയായി മരവും മണ്ണും വാക്കുതിർത്തു

വേണമായിരുന്നവർക്കും പുഴയെ,നിറമില്ലാ രക്തത്തെ
കൈകളമർത്തി ചരിവിലേക്കൊഴുകിയപ്പോൾ
മരം പറഞ്ഞത്രേ പുഴയെ വേണമെന്ന്
എങ്ങാനുമോടുന്ന നാലുവയസ്സുകാരൻ പറഞ്ഞുവത്രേ



# പ്രളയത്തിന്റെ പരിണാമം

**ഒരുപാടു നാട്ടുകളിലായ് ഉയർന്നും താണും കേട്ടുവരുന്ന മഴക്കുറവു വെള്ളത്തിന്റെ ദുർലഭ്യതയും വറ്റുവരണ്ടഭൂമിയും അസഹനീയമായ ചൂടും എല്ലാം ശമിപ്പിച്ചു കൊണ്ടാണ് മഴ കടന്നുവന്നത്.കൊച്ചുകേരളത്തെ ഒരു കൈക്കുടന്നയിൽ ഒതുക്കിയപോലെ വൻസമുദ്രത്തിൽ ഒറ്റപ്പെട്ട ചെറുതോണിയെ പോലെ കേരളത്തെ മഴമാറ്റിയെടുത്തു.തുടർച്ചയായുണ്ടായ ശമനമില്ലാത്ത ശക്തമായ മഴയിൽ കേരളം ഒറ്റപ്പെട്ട അവസ്ഥ.എങ്ങും വെള്ളം.ഒരാൾപൊക്കത്തിലും അതിനപ്പുറത്തേക്കുംഉയർന്നുവന്ന ജലം,ഉരൾപ്പൊട്ടൽ,മണ്ണിൽ താണപ്രദേശങ്ങൾ,കൂട്ട നിലവിളികൾ,രോഗികൾ,രക്ഷാപ്രവർത്തങ്ങൾ തുടങ്ങിയ ചില കാഴ്ച്ചകളാണ് നാം കഴിഞ്ഞ ഒരു മാസമായി കേട്ടും കണ്ടും വരുന്നത് .**

**ഭൂമിയുടെ നിലതന്നെ തെറ്റിയോ എന്ന തോന്നിപ്പിച്ച ദിവസങ്ങളാണ് കടന്നുപോയത് ഒരുതരത്തിൽ പറഞ്ഞാൽ പ്രതിഷേധം തന്നെയാണ് മനുഷ്യൻറെ ചെയ്തികൾ പ്രകൃതിയുടെ മറുപടി പുഴ തൻറെ വഴികളേ തേടിപ്പിടിക്കുന്ന കാഴ്ച ഒറ്റനിമിഷംകൊണ്ട് അനാഥരായ പോയവർ വീട് നഷ്ടപ്പെട്ടവർ സ്വപ്നങ്ങൾ നഷ്ടപ്പെട്ടു പോയവർ ഇവിടെയാണ് ജീവിതത്തിൻറെ നിർഥതയെ കാണാൻ സാധിക്കുന്നത് ഒന്നും ശാശ്വതമല്ല ബന്ധങ്ങൾ ആയാലും സമ്പത്ത് ആയാലും അഭിമാനം ആയാലും എല്ലാം ഒരിക്കൽ നശിക്കും എന്ന ലോകസത്യം അതു പ്രളയത്തിന് രൂപത്തിൽ കേരളത്തിൽ സംഭവിച്ചിരിക്കുന്നു അന്നുവരെ കണ്ട കേരളത്തെ അല്ല പ്രളയകാലത്തിൽ കാണാൻ സാധിച്ചത്. പ്രകൃതിയുടെ മാറ്റത്തോടൊപ്പം മനുഷ്യർക്കു മാറ്റമുണ്ടായിട്ടുണ്ട് അന്നുവരെ മനസ്സിൽ ഉണ്ടായിരുന്ന ജാതിയുടെയും മതത്തിനെയും സമ്പത്തിനെയും വെറുപ്പിനെയും മതിൽക്കെട്ടുകൾ പൊളിച്ചുകൊണ്ട് ഓരോരുത്തരും ഒന്നിച്ച് പ്രളയത്തെ നേരിട്ടു. മനുഷ്യൻറെ ഇടയിലെ എല്ലാ വേർതിരിവുകളും പ്രളയത്തോടൊപ്പം ഒലിച്ചുപോയ എന്നുതന്നെ പറയാം. കൈയോട് കൈചേർത്ത് ശ്വാസമടക്കിപ്പിടിച്ച് സാധ്യമല്ല എന്ന് തോന്നിയ കാര്യങ്ങൾക്ക് കേരളം സാക്ഷിയായി, മഴയെ പോലെ തന്നെ പ്രളയകാലത്ത്സജ്ജമാക്കപ്പെട്ട , ശക്തമായ ക്കപ്പെട്ട ഒന്നായിരുന്നു രക്ഷാപ്രവർത്തനങ്ങൾ സ്വന്തം ജീവൻ വെടിഞ്ഞും അന്യരെ രക്ഷിക്കാനായി പ്രത്യക്ഷപ്പെട്ട ദൈവങ്ങൾ അന്ന് കേരളത്തിൽ ദൃശ്യമായി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട അവരായിരുന്നു കേരളത്തിലെ ഏറ്റവും വലിയ കരുത്തും സമ്പത്തും.**

**അന്നുവരെ കണ്ടിട്ടില്ലാത്ത മുഖങ്ങളെ നെഞ്ചോടുചേർത്താണ് സന്മനസ്സുള്ള രക്ഷാപ്രവർത്തകർ ജീവിതത്തിലേക്ക് പിടിച്ചു കയറ്റിയത് മത്സ്യത്തൊഴിലാളികൾ , പോലീസുകാർ, രക്ഷാപ്രവർത്തന ഉദ്യോഗസ്ഥർ എന്നിവർ സജീവപങ്കാളിത്തം വഹിച്ചു. കൂടാതെ വ്യോമ വ്യോമസേനയും നാട്ടുകാരും അതിൽ പങ്കാളിത്തം വഹിച്ചിട്ടുണ്ട്. നെഞ്ചിടിപ്പോടെ വ്യോമസേന രക്ഷാപ്രവർത്തനത്തെ നോക്കി കണ്ടവർ ദൈവങ്ങളെ വിളിച്ച് സന്ദർഭമായിരുന്നു ഒരു ഗർഭിണിയുടെ രക്ഷാപ്രവർത്തനം. രണ്ടു ജീവനെയാണ് മഴ സാക്ഷി നിൽക്കെ കൈപിടിച്ചുയർത്തിയത്. നന്ദി അർഹിക്കുന്ന രക്ഷാപ്രവർത്തനം എല്ലാവിധത്തിലും .**

**കൂട്ടു മാറ്റപ്പെട്ട കിളികളെപ്പോലെ ലക്ഷങ്ങളെ ആണ് ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിച്ചത്.**

**ഒരുനിമിഷം കൊണ്ട് എല്ലാം നഷ്ടപ്പെട്ടതിന്റെ ഞെട്ടലും, സങ്കടവും, ജീവൻ ബാക്കിയായതിന്റെ ആശ്വാസവും ക്യാമ്പിലെ ഓരോ ആൾക്കാരുടെ മുഖത്തും പ്രതിഫലിക്കുന്നു ഉണ്ടായിരുന്നു. പിന്നീട് അവിടെ**

# ഈ എഴുത്ത്

നിന്ന് അങ്ങോട്ട് സാന്ത്വനത്തിന് നാളുകളായിരുന്നു. ആയിരമായിരം ആളുകൾക്ക് കേരളത്തിലെ എല്ലാവരുടെയും കൈത്താങ്ങായി. ആശ്വാസമായി, സാന്ത്വനമായി, സഹായഹസ്തങ്ങൾ മുന്നോട്ടുവന്നു. ഒരു കുട്ടിക്കു മേലുള്ള ഉത്തരവാദിത്വം അതുപോലെ കേരളത്തെ എല്ലാവരും ഏറ്റെടുത്തു. നവകേരളം പടുത്തുയർത്താൻ നഷ്ടങ്ങളെ മറന്ന് എല്ലാവരും കൈകോർത്തു. കേരള സർക്കാരിൻറെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക്ദിനംപ്രതി സഹായം ഒഴുകിയെത്തി. ദുരിതമനുഭവിക്കുന്നവർക്ക് വേണ്ടിയുള്ള എല്ലാ അടിസ്ഥാനമാർഗ്ഗങ്ങളും ശേഖരിച്ചു.

ആ നാളുകളിൽ കേരളം വല്ലാത്ത ഒരു സ്നേഹത്തെയും കാരുണ്യത്തെയും കുളിർമ അനുഭവിച്ചു. അതിജീവനത്തിന് നാളുകളാണ് തുടർന്ന് കാണാൻ സാധിച്ചത്. പ്രളയം പ്രകൃതിയുടെ ഒരു ഓർമ്മപ്പെടുത്തലായിരുന്നു. എല്ലാ ക്രൂരതയ്ക്ക് മുകളിലുള്ള താക്കീത്. എനി എല്ലാവരും ആ താക്കീതിന്റെ അതിർവരമ്പുകൾ ലംഘിക്കാതെ മുന്നോട്ടുപോകണം എന്ന ഓർമ്മപ്പെടുത്തൽ നവകേരളം എന്ന സ്വപ്നം അകലെയല്ല അടുത്തുതന്നെയുണ്ട്. മഴയും കാറ്റും പ്രളയവും പിടിച്ചുലച്ച കേരളത്തിന് ഇനി പുനർജന്മത്തിന് സമയമാണ്. നമ്മൾ ഓരോരുത്തരുമാണ് അതിനെ പ്രവർത്തനസജ്ജം ആകേണ്ടത്.

**മനുഷ്യൻ മനുഷ്യനെത്തന്നെ അതിജീവിക്കുന്ന നാളുകൾ ഒരുമയുടെ ഒരായിരം പ്രതീക്ഷകളാൽ ഒരു നവ കേരളം. മാറ്റത്തിനായി കാലം കാത്തു വച്ചതാണ് പ്രളയമെങ്കിൽ മാറുകതന്നെ ചെയ്യും കേരളം.**മനുഷ്യൻ മനുഷ്യനെത്തന്നെ അതിജീവിക്കുന്ന നാളുകൾ ഒരുമയുടെ ഒരായിരം പ്രതീക്ഷകളാൽ ഒരു നവ കേരളം. മാറ്റത്തിനായി കാലം കാത്തു വച്ചതാണ് പ്രളയമെങ്കിൽ മാറുകതന്നെ ചെയ്യും കേരളം.



# ഇൗ എഴുത്ത്

# ഇൗ എഴുത്ത്

# ഈ എഴുത്ത്

# ഈ എഴുത്ത്

# ഇൗ എഴുത്ത്

# ഈ എഴുത്ത്

# ഇൗ എഴുത്ത്

# ഈ എഴുത്ത്

# ഈ എഴുത്ത്